# പതിമൂന്നാം കേരളനിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 178** — **01.12.2014 -ലെ മറുപടിക്ക്**

## പി. മുരളിയുടെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ ഉദുമ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് കുമ്പളയിലെ പി. മുരളിയെ കൊലപ്പെടുത്തിയത് സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണെന്നും ആർക്കെല്ലാം എതിരെയാണ് കേസ് എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) കാസർഗോഡ് കുമ്പളയിൽ പി. മുരളി എന്നയാളിനെ കൊലപ്പെടുത്തിയത് സംബന്ധിച്ച് കുമ്പള പോലീസ് സ്റ്റേഷൻ ക്രൈം നം. 545/2014 u/s 341, 302, 506(ii), 212 r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ (1) ശരത് രാജ് @ ശരത്, (2) ദിനേശ് @ ദിനു, (3) വരദരാജ് @ ഭരത്, (4) മിഥുൻകുമാർ, (5) നിതിൻ രാജ്, (6) കിരൺകുമാർ, (7) മഹേഷ്, (8) അജിത് കുമാർ എന്നിവർ പ്രതികളായിട്ടുള്ളതും എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത കേസ് ഇപ്പോൾ കണ്ണൂർ മേഖലാ ഡി.ഐ.ജി.യുടെ മേൽനോട്ടത്തിൽ തുടർ അന്വേഷണം നടത്തിവരികയാണ്. |
| (ബി) കൊലപാതകത്തിന് പിന്നിലെ ഗൂഢാലോചനയെക്കുറിച്ച് അന്വേഷിക്കുന്നുണ്ടോ; ഗൂഢാലോചനയിൽ ഏർപ്പെട്ടവർ ആരൊക്കെയാണ്; അന്വേഷണത്തിന്റെ ഭാഗമായി ആരെ യൊക്കെ ചോദ്യം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) മേൽപ്പറഞ്ഞ കേസ് സംബന്ധിച്ച് അമ്പത്താറോളം സാക്ഷികളെ ചോദ്യം ചെയ്തിട്ടുള്ളതും പ്രസ്തുത കൊലപാതകത്തിന്റെ ഗൂഢാലോചനയും മറ്റും സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. ആരെയൊക്കെ ചോദ്യം ചെയ്തിട്ടുണ്ട് എന്ന വിവരവും കേസിന്റെ മറ്റ് അന്വേഷണ വിവരങ്ങളും ഈ കേസിന്റെ തുടർ അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ